# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6425. 08.07.2014 ൽ മറുപടിയ്ക്ക്.

### അമിത വേഗത നിയന്ത്രണം

| ചോദ്യം<br>ശ്രീ. എം. ഉമ്മർ<br>,, കെ.എൻ.എ. ഖാദർ<br>,, പി.ബി. അബ്ദുൾ റസാക്<br>,, കെ.എം. ഷാജി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | റോഡപകടങ്ങളുടെ നിരക്കിന്റെയും ആഘാതത്തിന്റെയും, മരണ നിരക്കിന്റെയും കാര്യത്തിൽ വർദ്ധനയുണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് 2013-ലെ റോഡപകടങ്ങളുടെ എണ്ണവും മരണനിരക്കും 2012-ലേതിനേക്കാൾ കുറവാണ്. |
| (ബി) | അമിത വേഗത അപകടങ്ങളുടെ ആഘാതം വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ വേഗത നിയന്ത്രണം കർശനമായി നടപ്പാക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) | അമിതവേഗതയും, റോഡിന്റെ ശോചനീയവസ്ഥയും അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കി കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ആർ.ടി. / സബ് ആർ.ടി. ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യസംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും മോട്ടോർവാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ, മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവിടങ്ങളിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു.<br>ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും, മേഖലാ തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. ചേർത്തല - മണ്ണുത്തി റോഡ് അപകടരഹിതമായ മാതൃകാ റോഡാക്കി മാറ്റുന്നതിന്റെ ഭാഗമായി സർവൈലൻസ് ക്യാമറകൾ, ട്രാഫിക് സൈൻ ബോർഡുകൾ എന്നിവ സ്ഥാപിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു വരുന്നു. ഈ പദ്ധതി മഞ്ചേശ്വരം വരെ വ്യാപിപ്പിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുകയും, |

| | | | |
|---|---|---|---|
| | | | സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. റോഡപകടങ്ങൾ നിയന്ത്രിയ്ക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന് ഒരു എൻഫോഴ്സ്മെന്റ് വിങ്ങ് സർക്കാർ അനുവദിയ്ക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.<br>വാഹന പരിശോധന, ഗതാഗത സുരക്ഷ എന്നിവയ്ക്കായി പോലീസ് വകുപ്പ് അത്യാധുനിക ഉപകരണങ്ങൾ വാങ്ങി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി തിരക്കേറിയ സ്ഥലങ്ങളിലും നഗരങ്ങളിലെ പ്രധാന ജംഗ്ഷനുകളിലും സ്കൂളുകൾ, പൊതു സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് കോണുകളും റോഡ് ഡിവൈഡറുകളും ട്രാഫിക് സൈൻ ബോർഡുകളും സ്ഥാപിക്കുകയും കൂടുതൽ ട്രാഫിക് പോലീസുകാരെയും ട്രാഫിക് വാർഡൻമാരെയും ഹോം ഗാർഡുകളേയും നിയമിക്കുകയും വാഹനങ്ങളെ ക്രമീകരിച്ച് വിടുകയും ചെയ്തു വരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെ സ്കൂൾ പരിസരങ്ങളിൽ പോലീസുകാരോടൊപ്പം ട്രാഫിക് നിയന്ത്രണ ഡ്യൂട്ടിക്കായി നിയമിച്ച് വരുന്നു. ട്രാഫിക് സുരക്ഷയുടെ ഭാഗമായി കൂടുതൽ അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ സ്പീഡ് ബ്രേക്കറുകൾ സ്ഥാപിക്കുകയും സ്പീഡ് റഡാറുകൾ, സ്പീഡ് ഗവർണറുകൾ എന്നിവ ഉപയോഗിച്ച് വാഹനങ്ങളുടെ വേഗത പരിശോധിക്കുകയും ചെയ്യുന്നു. ജംഗ്ഷനുകളിൽ ട്രാഫിക് കുറ്റകൃത്യങ്ങൾ തടയുന്നതിനായി ട്രാഫിക് ചാനലൈസർ, ട്രാഫിക് കോണുകൾ, ലൂമിനസ് ജാക്കറ്റ്, സിഗ്നൽ ലൈറ്റ് ബാറ്റൺ, കോൺവെക്സ് മിറർ, സ്പീഡ് ചെക്ക് റഡാർ ബാരിക്കേഡിംഗ് ടേപ്പ്, ബാരിക്കേഡിംഗ് ചെയിൻ, ഇന്റർസെപ്റ്റർ സേവനം, ക്യാമറകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അമിത വേഗത നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളുടെ റണ്ണിംഗ്ടൈം ശാസ്ത്രീയമായി പുനർ ക്രമീകരിക്കുന്നതിനും, എല്ലാത്തരം കോൺട്രാക്ട് വാഹനങ്ങളുടെയും പരമാവധി വേഗം നിശ്ചയിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) | അമിത വേഗത നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഡി3/875/എസ് റ്റി എ/2005 ഓർഡർ പ്രകാരം സ്റ്റേജ് കാര്യേജുകളുടെ റണ്ണിംഗ് ടൈം ശാസ്ത്രീയമായി പുനർ ക്രമീകരിക്കുന്നതിനു വേണ്ട നടപടി കൈക്കൊണ്ടിട്ടുണ്ട്. കോൺട്രാക്ട് വാഹനങ്ങളുടെയും പരമാവധി വേഗം നിശ്ചയിക്കുകയും ഹെവി വാഹനങ്ങൾക്കും സ്കൂൾ വാഹനങ്ങൾക്കും സ്പീഡ് ഗവർണ്ണർ നിർബ്ബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.